




വിശുദ്ധ പൗലോസ്
രചന: മൈക്കിൾ കാരിമറ്റം
ചിത്രീകരണം: ദേവസ്സി- ബെന്നി
Part-1


മദ്ധ്യധരണാഴിയുടെ വടക്കുകിഴക്കേ മൂലയിൽ, ഇന്നത്തെ ടർക്കി
യുടെ തെക്കുഭാഗത്ത് സിഡ്നസ് നദീതീരത്തുള്ള ഒരു പുരാതന
തുറമുഖനഗരമാണ് താർസൂസ്. അനേകം യഹൂദർ അവിടെ
വസിച്ചിരുന്നു. അന്നൊരുദിവസം അവരുടെ ഒരു സിനഗോഗിൽ
റബ്ബീ, ഞങ്ങളുടെ ആദ്യജാതനാണിത്. ദൈവത്തിന് സമർപ്പിക്കാൻ കൊണ്ടുവന്നതാണ്.
ദീർഘകാലത്തെ പ്രാർത്ഥനയ്ക്കും ശേഷം ദൈവം നൽകിയ ദാനം
കുട്ടിയ്ക്ക് എന്തു പേര് നൽകാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?


സാവൂൾ എന്ന് വിളിക്കാം.
കൊള്ളാം. ബഞ്ചമിൻ ഗോത്രജരായ നിങ്ങളുടെ മകന് ഉചിതമായ പേര് തന്നെ.


ഛേദനാചാരം വഴി ശിശു ഉടമ്പടിയിൽ പങ്കുചേരുന്നു. കർത്താവായ ദൈവം നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത ഉടമ്പടിയിൽ



ഇവനെക്കുറിച്ചു
ദൈവത്തിനു വലിയ
പദ്ധതിയുണ്ട്.
ഇവൻ ജനതകൾക്കു
പ്രകാശമാകും.



ശിശു വളർന്നു. മാതാപി താക്കൾ അവനെ യഹൂദ വിശ്വാസ ത്തിൻറെ ബാല പാഠങ്ങ ൾ പഠി പ്പിച്ചു ചിട്ട യോടെ വളർ ത്തി
മോനേ സാവൂൾ, നീ പഠിച്ച ഷ്മാ പ്രാർത്ഥന ഒന്ന് ചൊല്ലിക്കേ.
ഷ്മാ ഇസ്രായേൽ ആദോനായ് എലോഹേനു ആദോനായ് ഏഹാദ്
മോനെ, ഒരു സുകൃതജപം പോലെ ഈ പ്രാർത്ഥന ഉരുവിടണം. ഏതു സാഹചര്യത്തിലും ഇത് നിനക്ക് തുണയായിരിക്കും.



ദൈവം ഒരുവനേയുള്ളു. ആ ദൈവമാണ് നമ്മുടെ പിതാക്കന്മാരെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ചു വാഗ്ദത്ത ഭൂമിയിലേക്ക് നയിച്ചത്.
അപ്പച്ചാ, എന്താ എൻറെ പേരിൻറെ അർത്ഥം?


ഞങ്ങൾ ഒത്തിരി പ്രാർത്ഥിച്ചിട്ടു കിട്ടിയ ദാനമാണ് നീ. അതുകൊണ്ടുതന്നെ ചോദിച്ചു വാങ്ങപ്പെട്ടവൻ എന്ന അർത്ഥത്താലാണ് സാവൂൾ എന്ന് വിളിച്ചത്.


നമ്മുടെ കുടുംബത്തിൽ ഈ പേരുള്ള ആരെങ്കിലുമുണ്ടോ?
നമ്മൾ പൂർവ്വപിതാവായ യാക്കോബിൻറെ ഏറ്റം ഇളയ സന്തതിയായ ബെഞ്ചമിൻറെ ഗോത്രത്തിൽ പെട്ടവരാണ്. ഇസ്രായേൽ ജനത്തിൻറെ ആദ്യത്തെ രാജാവായ സാവൂൾ നമ്മുടെ പൂർവ്വികനാണ്.


ആ രാജാവ് എന്താ ചെയ്തത്?
അദ്ദേഹം ശത്രുക്കളായിരുന്ന ഫിലിസ്ത്യർക്കെതിരെ യുദ്ധം ചെയ്തു. എൻറെ മോൻ അതുപോലെ നമ്മുടെ വിശ്വാസത്തിനു വേണ്ടി പോരാടണം
ശരി അപ്പച്ചാ!


വലിയൊരു സാംസ്കാരിക കേന്ദ്രമായി
രുന്ന താർസൂസ്. ഗ്രീക്കുകാരുടെ വിവിധ
ങ്ങളായ മത്സരകളികളും വിനോദങ്ങളും
അവിടെ സുലഭമായിരുന്നു. ബാല്യം
മുതൽ സാവൂൾ ഇതെല്ലാം കണ്ടും കേട്ടു
മാണ് വളർന്നത്


വിവിധ തത്വശാസ്ത്രങ്ങൾ മാറ്റുരക്കുന്ന പണ്ഡിത സദസുകളും
ജീവിതം ആസ്വദിക്കാനുള്ളതാണ്. സന്തോഷമായി കഴിയുകയാണ് ജീവിത ലക്ഷ്യം.
അത് നിങ്ങളുടെ എപ്പിക്കൂറിയൻ ചിന്ത. തോന്നുന്നതെല്ലാം ചെയ്താൽ സന്തോഷമാകുമോ? അതും എത്രകാലത്തേക്ക്?
നിങ്ങൾ സ്റ്റോയിക്കുകളെപോലെ ജീവിതം നഷ്ടപ്പെടുത്തുന്നത് വിഢിത്തമാണ്. ഹ്യസ്വമായ ഈ ജീവിതം എപ്പോൾ തീരുമെന്നറിയില്ലല്ലോ.


അതുകൊണ്ടുതന്നെ കണിശമായ ഒരു നിഷ്ഠയോടെ ജീവിക്കണം.
ഇതെല്ലം അർത്ഥശൂന്യമായ വാദങ്ങൾ! ആർക്കും ഒന്നിനെക്കുറിച്ചും തീർച്ചയില്ല എന്നതല്ലേ സത്യം.

യുവാവായ സാവൂൾ യവന സംസ്കാരത്തിലും ഗ്രീക്ക് ഭാഷയിലും അവഗാഹം നേടി.
അന്നൊരു ദിവസം ടാർസൂസിലെ ഭവനത്തിൽ





എന്താണ് സംഭവിച്ചത്? വിശദമായി പറയൂ.
നസ്രത്തിൽനിന്നുള്ള ആ തച്ചൻറെ മകൻ യേശു വലിയ അത്ഭുതപ്രവർത്തകനായിരുന്നത്രെ. അയാളെ നഗരവാതിൽക്കൽ റോമാക്കാർ കുരിശിൽ തറച്ചു കൊന്നു.



എന്നിട്ടു നമ്മുടെ
ആളുകൾ
കയ്യും കെട്ടി
നോക്കിനിന്നോ?


നമ്മുടെ നേതാക്കന്മാർ തന്നെയാ അയാളെ റോമാക്കാർക്കു ഏല്പിച്ചുകൊടുത്തത്
എന്തിനു? അയാൾ എന്ത് തെറ്റാ ചെയ്തത്?



തെറ്റൊന്നും ചെയ്തതായി അറിയില്ല. താൻ ദൈവതുല്യനായ ദൈവപുത്രനാണെന്നു അവകാശപ്പെട്ടുവത്രെ.
അത് ദൈവദൂഷണമാണ്. കല്ലെറിഞ്ഞു കൊല്ലേണ്ട പാപം!


പക്ഷെ കാര്യങ്ങൾ അവിടെ അവസാനിച്ചില്ല. അവൻ ഉയിർത്തെഴുന്നേറ്റു എന്ന് അവന്റെ ശിഷ്യന്മാർ പറഞ്ഞു പരത്തുന്നത് വലിയ പ്രശ്നമായിരിക്കുന്നു.



ആരെങ്കിലും ഈ നുണ വിശ്വസിക്കുന്നുണ്ടോ?
നമ്മൾ ഫരിസേയർ പുനരുദ്ധാനത്തിൽ വിശ്വസിക്കുന്നുണ്ടല്ലോ. പക്ഷെ, അത് ലോകാവസാനത്തിലല്ലേ?
അവന്റെ ശിക്ഷ്യന്മാരൊക്കെ ഗലീലിയിൽ നിന്നുള്ളവരാണ്.


എന്നാൽ ഇപ്പോൾ ചില ഗ്രീക്കുകാരും അവരുടെ കൂടെ കൂടുന്നുണ്ടെന്നാണ് കേൾക്കുന്നത്. പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ച മിശിഹായാണ് അവൻ എന്നാണത്രേ വാദം.
കലാപകാരികളുടെ നാടാണല്ലോ ഗലീലി.
അത്ഭുതമില്ല.


വിവരമില്ലാത്ത വിഡ്ഢികൾ! കുരിശിൽ മരിച്ച മിശിഹായോ? മരത്തിൽ തൂങ്ങിയവൻ ശാപമേറ്റവനാണ്.
സാവൂൾ, നീ ജെറുസലേമിലേക്കു പോകണം. കാര്യങ്ങൾ വിശദമായി അന്വേഷിച്ചറിയണം. യഹൂദ നിയമങ്ങളെക്കുറിച്ചുള്ള പഠനം പൂർത്തിയാക്കുകയും വേണം.


താമസിയാതെ പോകാൻ ഒരുങ്ങികൊള്ളൂ.
വേണ്ട സൗകര്യങ്ങൾ നമ്മുടെ ആൾക്കാർ ചെയ്തു തരും.
ഞാൻ ഇതാ ഗ്രഹിച്ചിരിക്കുകയായിരുന്നു.


ജറുസലേമിൽ എത്തിയ സാവൂൾ മഹാപണ്ഡിതനായിരുന്ന ഗമാലിയേലിന്റെയടുക്കൽ നിയമത്തിൽ ഉപരിപഠനം ആരംഭിച്ചു.
ഗുരോ, ഈ നസ്രായരുടെ വചന വ്യാഖ്യാനത്തോട് നമുക്ക് യോജിക്കാനാകുമോ?
അവർ പറയുന്ന പലതും സത്യമാണ്. ദൈവം ഒരു മിശിഹായെ അയയ്ക്കുമെന്ന് പ്രവാചകന്മാർ വഴി വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.


അത് ദാവീദിനെപ്പോലെ ഒരു
രാജാവോ, മോശയെപ്പോലെ
ശക്തനായ
പ്രവാചക നേതാവോ
ആയിരിക്കും എന്നല്ലേ
നമ്മുടെ വിശ്വാസം


ഒരു സഹന ദാസനെക്കുറിച്ചും പ്രവചനമുണ്ടല്ലോ?
അത് ഇസ്രായേലിൻറെ സഹനത്തെക്കുറിച്ചല്ലേ?



എനിക്കത്ര
തീർച്ചയില്ല.


ഗുരോ,
അങ്ങേക്കും സംശയമോ?
ആ നസ്രായൻ
ദൈവപുത്രനോ?
ഒന്നിലേറെ
ദൈവങ്ങളോ?
തീർച്ചയായും
ദൈവം ഒരുവൻ
മാത്രമേയുള്ളു.
ഷ്മാ ഇസ്രായേൽ....



നിയമത്തിൻറെയും പ്രവചനങ്ങളുടെ യും ആഴങ്ങൾ തേടിയ സാവൂൾ ക്രിസ്തു ശിഷ്യന്മാരുമായി വാഗ്വാദങ്ങളിൽ ഏർപ്പെട്ടു.ഡീക്കൻ സ്തേഫാനോസുമായി ഒരു ദിവസം ഏറ്റുമുട്ടി.
നീ എൻറെ പുത്രനാണ്, ഞാൻ നിനക്ക് ജന്മം നൽകി എന്ന സങ്കീർത്തന വാക്യം നിങ്ങൾക്കറിയില്ലേ?
അത് രാജാഭിഷേക ത്തിൻറെ കാര്യമാണ്. ഈ തച്ചൻറെ മകൻ രാജാവൊന്നുമല്ലല്ലോ?
നിങ്ങൾ പറയുന്നത് ദൈവദൂഷണമാണ്. മരത്തിൽ തൂക്കി കൊല്ലപ്പെട്ട ആ കലാപകാരി ദൈവ പുത്രനാണെന്നോ?


രാജത്വത്തിന്റെ കാര്യം, ഹോസാന വിളിച്ചു എതിരേറ്റത് പതിനായിരങ്ങളല്ലേ?


കലാപത്തിന് തക്ക ശിക്ഷയും കിട്ടിയല്ലോ.
ഏശയ്യാ പ്രവാചകൻ എന്താണ് പറഞ്ഞിട്ടുള്ളത്? നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു.


അവൻറെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവൻറെ ക്ഷതങ്ങളാൽ നാം സുഖം പ്രാപിച്ചു.


ഈ പ്രവചനത്തിൻറെ പൂർത്തീകരണമല്ലേ യേശുവിൻറെ കുരിശു മരണം?
ദൈവം ഒരുവനേയുള്ളു എന്നത് നമ്മുടെ വിശ്വാസത്തിൻറെ അടിസ്ഥാന പ്രമാണ മാണ്. ഷ്മാ ഇസ്രായേൽ...
ആ ദൈവം തന്നെയാണ് യേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചുകൊണ്ട് തൻറെ പുത്രനായി സ്വീകരിച്ചത്. അവനാണ് നാം കാത്തിരുന്ന രക്ഷകൻ. അവനിലൂടെ മാത്രമാണ് രക്ഷ.


പിടിച്ചു കെട്ടൂ! ഇവനെ സാൻഹദ്രീൻറെ മുമ്പിൽ വിചാരണ ചെയ്യണം.



ദൈവദൂഷണം!
അവനെ കല്ലെറിയു!
അവനിനി ജീവിച്ചുകൂടാ!


സ്തേഫാനോസിനെ അവർ യഹൂദരുടെ പരമോന്നത കോടതിയായ സാൻഹദ്രിൻറെ മുമ്പിൽ ഹാജരാക്കി.
ഹും, നടക്ക്. നിൻറെ ധിക്കാരം ഇന്നത്തോടെ ഞങ്ങൾ അവസാനിപ്പിക്കുന്നുണ്ട്.
സാത്താൻറെ സന്തതി! ദൈവദൂഷകൻ!
ഈ ദൈവദൂഷണത്തിനു ഇന്നറുതി വരുത്തണം.


ദൈവത്തിനു പുത്ര നുണ്ടെന്നു ഇവൻ ദൈവദൂഷണം പറയുന്നു.
നസ്രായനായ യേശു ദേവാലയം നശിപ്പിക്കും എന്ന് പറഞ്ഞു ജനത്തെ അസ്വസ്ഥരാക്കുന്നു.
മോശയുടെ വിശുദ്ധ നിയമ ത്തിനെതിരെ പഠിപ്പിക്കുന്നു.
ഇതെല്ലം സത്യമാണോ?


സഹോദരന്മാരേ, പിതാക്കന്മാരേ, നമ്മുടെ പിതാവായ അബ്രാഹത്തെ ഹാരാനിൽവച്ചു ദൈവം വിളിച്ചു. അവൻറെ സന്തതിയിലൂടെ ലോകജനതകൾ മുഴുവൻ അനുഗൃഹീതമാകും എന്ന് വാഗ്ദാനം ചെയ്തു.

ഇസ്രായേൽ ചരിത്രം ചുരുക്കമായി അവതരിപ്പിച്ച ശേഷം




ഏതു
പ്രവാചകനുണ്ട്
നിങ്ങളുടെ പിതാക്കന്മാർ
പീഡിപ്പിക്കാത്തതായി?
നീതിമാൻറെ ആഗമനം
മുൻകൂട്ടി അറിയിച്ചവരെ
അവർ
കൊലപ്പെടുത്തി.


ദൈവദൂതന്മാരിൽ നിന്ന് നിയമം ലഭിച്ച നിങ്ങൾ ദൈവത്തിൻറെ പുത്രനെ ഒറ്റിക്കൊടുത്തു, കുരിശിൽ തറച്ചു കൊന്നു.
ദൈവദൂഷണം! ഇവനെ ഇനിയും സംസാരിക്കാൻ അനുവദിക്കരുത്.


ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻറെ വലതു ഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു.
പിടിക്കവനെ.
അവനെ കല്ലെറിയു.

അവർ സ്തേഫാനോസിനെ നഗരത്തിനു പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു. സാക്ഷികൾ തങ്ങളുടെ പുറംകുപ്പായം സാവൂളിൻറെ കാൽക്കൽ അഴിച്ചുവച്ചു. അയാളാണ് വധശിക്ഷക്ക് മേൽനോട്ടം വഹിച്ചത്.




ആ ഗലീലിയർക്കെല്ലാം ഇതൊരു പാഠമാകും!
!?
എന്നാലും മരിക്കുമ്പോഴും ആ മുഖത്തെന്തൊരു ശാന്തത! അതെന്നെ ഭയപ്പെടുത്തുന്നു.
തന്നെ കൊല്ലുന്ന വർക്കു വേണ്ടി പ്രാർത്ഥിക്കാൻ അവ നെങ്ങനെ കഴിഞ്ഞു?
നിങ്ങളും പതറുകയാണോ?


മോശവഴി ദൈവം നമുക്ക് നൽകിയതാണ് ഉടമ്പടിയും നിയമങ്ങളും. അതിനെതിരു നിൽക്കുന്നവൻ ആരായാലും ദൈവത്തിൻറെ ശത്രുവാണ്.
റബ്ബി, സാവൂൾ പറഞ്ഞതാണ് ശരി.


ആ നസ്രായൻറെ അനുയായികൾ പരിശുദ്ധ നിയമം ലംഘിക്കുന്നു. അവരെ ഒന്നുകിൽ നേർവഴിക്കു കൊണ്ടുവരുക. അല്ലെങ്കിൽ ഉന്മൂലനം ചെയ്യുക.
അവർ ആയിരങ്ങളുണ്ട്. ഇതുപോലെ കൊന്നുകളയാൻ പറ്റുമോ?


ആയിരമല്ല, പതിനായിരമാണെങ്കിലും നമ്മൾ അവരെ നേരിടും. വേണ്ടി വന്നാൽ ഇസ്രായേൽ ജനം ഒറ്റക്കെട്ടായി നിന്ന് പോരാടും. മക്കബായരുടെ കാലത്തെന്നതുപോലെ.



ഇവിടെ നമ്മുടെ പരിശുദ്ധ നിയമവും പാരമ്പര്യങ്ങളുമാണ് ചവിട്ടി മെതിക്കപ്പെടുന്നത്.
മാത്രമല്ല ഇസ്രായേലിന്റെ അടിസ്ഥാന വിശ്വാസമാണ് അവർ തകർക്കാൻ നോക്കുന്നത്. യാഹ്‌വേക്കൊപ്പം മറ്റൊരു ദൈവംകൂടിയുണ്ടെന്നല്ലേ അവർ പഠിപ്പിക്കുന്നത്?
?!


കുരിശിൽ മരിച്ച ആ ശപിക്കപ്പെട്ടവൻ ദൈവമാണുപോലും!
ഇത് ഭ്രാന്താണ്.
ആ ഭ്രാന്തിന് അറുതി വരുത്തിയേ മതിയാകൂ.


അങ്ങയുടെ
ഗുരുനാഥനായ
ഗമാലിയേൽ ആ
നസ്രായൻറെ
അനുഭാവിയാണെന്നു
സംസാരമുണ്ട്.
വിശ്വാസത്തിൻറെ
പ്രശ്നമാണിത്.
ചിലപ്പോൾ
ഗുരുവിനേയും
മറികടക്കേണ്ടിവരും.


ശിക്ഷ്യന്മാർ സ്തേഫാനോസിനെ സംസ്കരിച്ചു.
ഓ, സ്തേഫാനോസ്, എത്ര ക്രൂരമായി അവർ നിന്നെ വധിച്ചു!
നമുക്കാർക്കും അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല
കർത്താവിനുവേണ്ടി ജീവൻ ത്യജിക്കാൻ ആദ്യമായി ഭാഗ്യം ലഭിച്ച സ്തേഫാനോസ് അനുഗ്രഹീതനാണ്. അവൻ നമുക്കെല്ലാം മാതൃകയും പ്രചോദനവുമാണ്.


ആ സാവൂൾ ഒരു സംഹാരമൂർത്തി യായിത്തീർന്നിരിക്കുന്നു. നമ്മുടെ ആൾക്കാരെ തിരഞ്ഞുപിടിച്ചു നശിപ്പിക്കാനാണ് ശ്രമം.
ആരാണീ സാവൂൾ?


ടാർസൂസിൽ നിന്നുള്ള ഒരു യുവാവ്, ഫരിസേയൻ. റോമൻ പൗരത്വമുണ്ടെന്നു പറയുന്നു.


ഇവിടെ റബ്ബി ഗമാലിയേലിൻറെ കൂടെ നിയമം പഠിക്കാൻ വന്നതാണ്. കുശാഗ്രബുദ്ധി. നിയമത്തിനുവേണ്ടി കൊല്ലാനും മരിക്കാനും ഒരുക്കം.
സ്തേഫാനോസിനോട് മാത്രമേ അവൻ വാദത്തിൽ തോറ്റുള്ളൂ. അതിൻറെ പകയും ഉണ്ടെന്നു തോന്നുന്നു.
!


സാൻഹദ്രിനിൽ അംഗത്വമില്ലെങ്കിലും നിയമകാര്യങ്ങളിൽ പ്രധാന പുരോഹിതൻ പോലും അവൻറെ അഭിപ്രായം അന്വേഷിക്കുന്നു.
നമുക്കെതിരേയുള്ള നീക്കങ്ങൾക്ക് ഇപ്പോൾ നേതൃത്വം നൽകുന്നത് അവനാണ്.


നമ്മുടെ ആൾക്കാർ, പ്രത്യേകിച്ച്, ഗ്രീക്കുകാർ, കഴിയുന്നതും വേഗം ജെറുസലെം വിടുന്നതാണ് നല്ലതു.
ഒരു പട്ടണത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ അടുത്ത പട്ടണത്തിലേക്കു ഓടിപ്പോകാൻ കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്.



സാവൂൾ വീടുകൾതോറും കയറിയിറങ്ങി യേശുവിൻറെ
ശിക്ഷ്യന്മാരെ വലിച്ചിഴച്ചു കാരാഗൃഹത്തിലടച്ചു.
!
ങ്ഹും നടക്ക്

ഏതു വിധേനയും സഭയെ ഉന്മൂലനം ചെയ്യാൻ പ്രതിജ്ഞയെടുത്ത സാവൂൾ പ്രധാന പുരോഹിതൻറെ മുമ്പിൽ.




എല്ലായിടത്തും അതല്ലേ അവർ ചെയ്യുന്നത്.


ആ സ്തേഫാനോസിൻറെ കൂട്ടരാണ് കുഴപ്പക്കാർ. അവർ മോശയുടെ നിയമം അനുസരിക്കേണ്ടതില്ല എന്നാണ് പഠിപ്പിക്കുന്നത്.
പലസ്തീനക്കു പുറത്തു നമുക്ക് അധികാരമില്ലല്ലോ


യഹൂദർ ലോകത്തെവിടെ
ജീവിച്ചാലും യഹൂദരാണ്.
അവരുടെമേൽ
പരമാധികാരമുള്ളതു
പ്രധാന പുരോഹിതനായ
അങ്ങേക്കാണ്.
സാവൂൾ, നീ
എന്താണു
ദ്ദേശിക്കുന്നത്?


ക്രിസ്തുമാർഗ്ഗം സ്വീകരിച്ചിട്ടുള്ള യഹൂദരെയെല്ലാം വിട്ടുതരണം എന്ന് അങ്ങ് ഡമാസ്കസിലെ സിനഗോഗാധികാരികൾക്കെഴുതണം.
അവർ അനുസരിക്കുമോ?
എന്നിട്ട്?
അങ്ങ് പതറരുത്. എനിക്ക് അധികാരപത്രം തരൂ. ദേവാലയ സേനയുടെ ഒരു വിഭാഗത്തെയും എനിക്ക് വിട്ടുതരണം.



ഡമാസ്കസിലെ സകല മാർഗ്ഗവാസികളെയും ഞാൻ ബന്ധിച്ചു ജറുസലേമിലെത്തിക്കാം. വേണ്ടി വന്നാൽ റോമാക്കാരുടെ സഹായവും തേടാം
കത്തുകൾ രാവിലെ തയാറാവും. എന്നാലും ബലപ്രയോഗം ഒഴിവാക്കുന്നതാണ് നല്ലത്.


നിയമം ലംഘി
ക്കുകയും ലംഘിക്കാൻ
പ്രേരിപ്പിക്കുകയും ചെയ്യു
ന്നവർക്കെതിരേ മോശ
കല്പിച്ചിരിക്കുന്ന ശിക്ഷ
അങ്ങേക്കറിയാമല്ലോ?
ഉന്മൂലനം ചെയ്യുക.

സാവൂളും സംഘവും ഡമാസ്കസിനെ സമീപിച്ചപ്പോൾ.




സാവൂൾ നീ എന്തിനെന്നെ
പീഡിപ്പിക്കുന്നു?
!?


കർത്താവേ അങ്ങ് ആരാണ്?
നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ. എഴുന്നേറ്റു നഗരത്തിലേക്ക് പോവുക. നീ എന്ത് ചെയ്യണമെന്ന് അവിടെവച്ച് നിന്നെ അറിയിക്കും.
?!

കൂടെ ഉണ്ടായിരുന്നവർ സ്വരം കേട്ടെങ്കിലും ഒന്നും മനസിലായില്ല.



കാഴ്ച നഷ്ടപ്പെട്ട സാവൂൾ.



ഡമാസ്കസിൽ താമസിച്ചിരുന്ന ആനനിയാസ് എന്ന ശിഷ്യന് ഒരു ദർശനമുണ്ടായി.




നീ വേഗം "നേർവഴി"
എന്ന തെരുവിൽ
യുദാസിൻറെ വീട്ടിലേക്കു
ചെല്ലുക. അവിടെ
താർസോസുകാരൻ
സാവൂളിനെ
അന്വേഷിക്കുക.



കർത്താവേ, അവൻ അങ്ങയുടെ ശിഷ്യൻമാരെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയല്ലേ?
വിജാതീയരുടെയും രാജാക്കന്മാരുടെയും മുമ്പിൽ എനിക്ക് സാക്ഷ്യം വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പത്രമാണവൻ. എൻറെ നാമത്തെപ്രതി അവൻ ഏറെ സഹിക്കേണ്ടിവരും.


കർത്താവ് പറഞ്ഞതനുസരിച്ചു അനനിയാസ് പുറപ്പെട്ടു
സഹോദരാ, സാവൂൾ, നിനക്ക് കാഴ്ച്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനും വേണ്ടി കർത്താവായ യേശുവാണ് എന്നെ അയച്ചത്.



സാവൂളിൻറെ കണ്ണിൽനിന്ന് ചെതുമ്പൽ പോലെ എന്തോ ഒന്ന് അടർന്ന് വീണു. അവനു കാഴ്ച്ച ലഭിച്ചു.




സാവൂൾ കുറച്ചു ദിവസം ഡമാസ്കസിലെ ശിഷ്യന്മാരോടുകൂടെ താമസിച്ചു.
സഹോദരങ്ങളേ, നിങ്ങൾ എന്നോട് കാണിച്ച സ്നേഹത്തിനു ഞാൻ നന്ദിയുള്ളവനാണ്.
കർത്താവായ യേശു നിനക്ക് സ്വയം വെളിപ്പെടുത്തിത്തന്നതിൽ ഞങ്ങൾക്ക് എത്ര സന്തോഷമുണ്ടെന്നോ!
ലോകത്തിൻറെ അതിർത്തികൾ വരെ അവൻറെ നാമം എത്തിക്കാൻ വേണ്ടിയാണ് നിന്നെ തിരഞ്ഞെടുത്തത്.


പട്ടണവാതിൽക്കൽ പട്ടാളം കാവലുണ്ട്. സാവൂളിനെ പിടിക്കാൻ അവർക്ക് കല്പനയുണ്ട്.
പിടികൊടുക്കരുത്. ഇന്ന് രാത്രി തന്നെ രക്ഷപ്പെടണം.



ജറുസലേമിൽ എത്തിയ സാവൂളിനെ ക്രൈസ്തവർക്ക് ഭയമായിരുന്നു. അവൻറെ മനസാന്തരത്തിൽ അവർ വിശ്വസിച്ചില്ല. ബർണാബാസ് എന്ന ശിഷ്യൻ അവനെ അപ്പസ്തോലന്മാരുടെ അടുത്ത് കൊണ്ടുവന്നു.



ബർണാബാസ് സാവൂളിൻറെ. അനുഭവം വിവരിച്ചതിന് ശേഷം.




സഹോദരാ,
നിനക്ക് സ്വാഗതം.
ശിഷ്യസമൂഹത്തോടു
നിന്റെ അനുഭവങ്ങൾ
വിവരിക്കണം. ഞങ്ങൾ
എല്ലാവരെയും
അറിയിക്കാം.

സാവൂൾ ജറുസലേമിൽ ചുറ്റിനടന്ന് യേശുവിൻറെ നാമത്തിൽ പ്രസംഗിച്ചു. വാദത്തിൽ തോൽപിക്കാൻ കഴിയാതെ വന്നപ്പോൾ യഹൂദർ അവനെ കൊല്ലാൻ തീരുമാനിച്ചു.





തൽക്കാലം ടാർസൂസിലേക്ക് പോവുക. അവിടെയും കർത്താവിനു സാക്ഷ്യം വഹിക്കാമല്ലോ.
ബർണബാസ്, കേസറിയാ വരെ നീയും അനുഗമിക്കു


സാവൂൾ കേസറിയായിൽ നിന്ന് കപ്പൽ കയറി തൻറെ ജന്മദേശമായ താർസോസിലേക്ക് പോയി.




സാവൂർ തൻറെ പിതൃഭവനത്തിൽ എത്തി
എൻറെ മോനെ എത്രകാലമായി നിന്നെ കണ്ടിട്ട് നീ എത്ര മാറിപ്പോയിരിക്കുന്നു
മാറ്റങ്ങളെ കുറിച്ച് ഞങ്ങൾ ഏറെ കേട്ടു എന്താണ് സംഭവിച്ചത് എന്ന് പറയൂ.
എല്ലാം ഞാൻ വിശദമായി പറയാം

മകൻറെ മനസാന്തരകഥകേട്ട് അത്ഭുതസ്തബ്ധരായ മാതാപിതാക്കൾ ദൈവത്തെ സ്തുതിച്ചു. നഗരത്തിലെ യഹൂദരോട് അവൻ യേശുവിനെക്കുറിച്ച് പ്രസംഗിച്ചു. കുറച്ചുനാൾ കഴിഞ്ഞ് ബർണാബാസ് സാവൂളിനെ അന്വേഷിച്ച് ടാർസൂസിൽ എത്തി




ഞാൻ കുറച്ചുനാളായിട്ട് സിറിയായുടെ തലസ്ഥാനമായ അന്ത്യോക്യായിലാണ്
അവിടെയും സഹോദരന്മാർ ഉണ്ടോ?


നൂറു കണക്കിന്
നാളുകൾ ദിവസം
തോറും മാർഗ്ഗത്തിൽ
ചേരുന്നു. ശിഷ്യന്മാർ
ഭൂരിഭാഗവും
വിജാതീയരാണിപ്പോൾ


വിളവ് വളരെ, വേലക്കാർ ചുരുക്കം. യേശുവിനെ പ്രസംഗിക്കാൻ നീയും കൂടെ അന്ത്യോക്യയിലേക്കു വരണം
സഹോദരാ കർത്താവാണ് നിന്നെ അയച്ചത്. അടുത്തയാഴ്ച പുറപ്പെടാം. അതിനു മുൻപ് നീ ഇവിടുത്തെ സഹോദരങ്ങളേ കണ്ടു സംസാരിക്കണം


അവർ അന്തിയോക്യയിലെത്തി സുവിശേഷ പ്രഘോഷത്തിൽ മുഴുകി. ഒരു ദിവസം പ്രാർത്ഥന സമ്മേളനത്തിൽ.
കർത്താവ് അരുളിച്ചെയ്യുന്നു ബർണാബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി മാറ്റി നിർത്തുവിൻ.


ഉപവാസത്തിനും പ്രാർത്ഥിക്കും ശേഷം.
കർത്താവിൻറെ ആത്മാവിനാൽ പൂരിതരായി നിങ്ങൾ പോകുവിൻ. ലോകത്തിൻറെ അതിർത്തികൾ വരെ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കുവിൻ
എല്ലാ അപകടങ്ങളിലും നിന്ന് അവിടുന്ന് നിങ്ങളെ കാത്തുസൂക്ഷിക്കട്ടെ


ബർണാബാസും സാവൂളും യാത്ര
യായി. യോഹന്നാൻ എന്ന അപര
നാമം ഉണ്ടായിരുന്ന മാർക്കോസും
അവരോടൊപ്പം പോയി.
!!!

അവർ തുറമുഖ നഗരമായ സെലൂക്യായിലെത്തി




അവർ സലാമിസിൽ നിന്ന് കരവഴി യാത്ര ചെയ്ത് പാഫോസ് എന്ന പട്ടണത്തിലെത്തി സുവിശേഷം പ്രസംഗിച്ചു
നിങ്ങളാണോ യേശുക്രിസ്തുവിനെക്കുറിച്ച് ഈ ദ്വീപിലെല്ലാം പ്രസംഗിക്കുന്നത്?
അതെ
ഗവർണർ നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നു.
!


ഗവർണർ സേർജിയൂസ് പാവുളുസിൻറെ മുമ്പിൽ അവർ യേശുവിനെ കുറിച്ച് പ്രസംഗിച്ചു.
അവൻറെ കുരിശു മരണവും ഉത്ഥാനവും വഴി ദൈവം സകല മനുഷ്യർക്കും പാപമോചനവും നിത്യജീവനും നൽകുന്നു.
ഞാൻ എന്താണ് ചെയ്യേണ്ടത്?
കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിച്ചു മാമോദീസാ സ്വീകരിക്കുക.


ഗവർണറുടെ സദസ്സിൽ എലിമാസ് എന്ന ഒരു മാന്ത്രികൻ ഉണ്ടായിരുന്നു
ബഹുമാന്യനായ ഗവർണർ, ഇവർ പറയുന്നത് നുണയാണ്. മരണം കൊണ്ട് എല്ലാം അവസാനിക്കുന്നു. അതിനാൽ ഇപ്പോൾ സുഖമായി ജീവിക്കാൻ ശ്രമിക്കുക.
!
അന്ധകാരത്തിൻറെ സന്തതീ, ഇതാ കർത്താവിൻറെ കരം നിൻറെമേൽ പതിക്കും. നീ അന്ധനായിത്തീരും.


തൽക്ഷണം എലിമാസിന്
കാഴ്ച നഷ്ടപ്പെട്ടു.
ഹാ ....
എനിക്കൊന്നും കാണാൻ
കഴിയുന്നില്ല.
നിങ്ങൾ എവിടെയാണ്?
ആരെങ്കിലും
എൻറെ കൈപിടിക്കു.


നിങ്ങളുടെ വാക്ക് സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിൻറെ ശിഷ്യൻ ആകാൻ ഞാൻ ഒരുക്കമൊണ്.
!!!


ഈ സംഭവത്തിന് ശേഷം സാവൂൾ 'പൗലോസ്' എന്ന ഗ്രീക്ക് പേര് സ്വീകരിച്ചു. അവർ കപ്പൽ മാർഗ്ഗം പെർഗാ തുറമുഖ നഗരത്തിലെത്തി.
നമുക്ക് പാലസ്തീനായിലേക്ക് തിരിച്ചു പോകാം
എന്ത്? നമ്മൾ യാത്ര ആരംഭിച്ചതല്ലേയുള്ളൂ?
എനിക്ക് ജറുസലേമിലേക്കു മടങ്ങണം.



മർക്കോസ് തിരിച്ചുപോയി. പൗലോസും ബർണബാസും വടക്കോട്ട് യാത്രയായി
ഇത് അപകടം നിറഞ്ഞ വഴിയാണല്ലോ. കള്ളന്മാരുടെ ഉപദ്രവം ഉണ്ടാകാനും സാധ്യതയുണ്ട്.
കർത്താവ് കൂടെയുള്ളപ്പോൾ നമുക്കൊന്നും ഭയപ്പെടാനില്ല ഒരാഴ്ച കൂടി നടന്നാൽ നമ്മൾ അന്ത്യോക്യായിലെത്തും.


അന്ത്യോക്യായോ?
പല അന്ത്യോക്യാകളിൽ ഒന്ന്. ഇത് പിസിദിയായിലെ അന്ത്യോക്യയാണ്.
!

അവർ അന്ത്യോക്യായിലെത്തി. സാബത്തു ദിവസം സിനഗോഗിൽ ചെന്നു.




ദൈവത്തെ
ഭയപ്പെടുന്ന
ഇസ്രായേൽ ജനമേ,
ദൈവം നമ്മുടെ
പിതാക്കന്മാർക്ക്
നൽകിയ വാഗ്ദാനം
പൂർത്തിയാക്കി
യിരിക്കുന്നു.


നമുക്ക് രക്ഷകനായി യേശുക്രിസ്തുവിനെ അയച്ചു. നമ്മുടെ നേതാക്കന്മാർ അവനെ കുരിശിൽ തറച്ച് കൊന്നു. എന്നാൽ ദൈവം അവനെ ഉയർപ്പിച്ചു.


പ്രസംഗം കഴിഞ്ഞപ്പോൾ.
ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ വിശദമായി സംസാരിക്കണം
അടുത്ത സാബത്ത് ദിവസം വീണ്ടും വരണം
തീർച്ചയായും


അനേകർ യേശുവിൽ വിശ്വസിച്ചു. അതിൽ യഹൂദർ അസൂയാലുക്കളായി. അടുത്ത സാബത്തിൽ:
ഇവൻ പറയുന്നത് ദൈവദൂഷണമാണ്.
ക്രിസ്തു നമ്മെ പ്രതി ശപിക്കപ്പെട്ടവനായി തീർന്ന് നിയമത്തിൻറെ ശാപത്തിൽനിന്നു നമ്മെ രക്ഷിച്ചു.
മോശ വഴി ദൈവം നൽകിയ നിയമം ലംഘിക്കുന്നവൻ ദൈവത്തിൻറെ ശത്രുവാണ്



ദൈവവചനം
ആദ്യം നിങ്ങളോടു
പ്രസംഗിക്കുക
ആവശ്യമായിരുന്നു.
എന്നാൽ ജീവൻറെ വചനം
നിങ്ങൾ
തള്ളിക്കളയുന്നതിനാൽ
ഞങ്ങൾ ഇതാ വിജാതീയരുടെ
അടുക്കലേക്ക് തിരിയുന്നു.


അനേകം വിജാതീയർ വിശ്വാസം സ്വീകരിച്ചു.
യഹൂദർക്കിടയിൽ സംഭാഷണം
ജനങ്ങളെല്ലാം പൗലോസിൻറെ പിന്നാലെ പോവുകയാണ്.
യഹൂദരുടെ നിലനിൽപ്പ് തന്നെ അവർ അപകടത്തിലാക്കുന്നു
തങ്ങളാണ് യഥാർത്ഥ ദൈവജനം എന്നല്ലേ അവനിപ്പോൾ പഠിപ്പിക്കുന്നത്


അവനെ ഇവിടെ നിന്ന് ഓടിക്കണം
വിജാതീയരെക്കൂടി അവനെതിരെ തിരിച്ചാലേ അത് സാധിക്കു.



യഹൂദർ ജനപ്രമാണികളെ സ്വാധീനിച്ച് പൗലോസിനെയും ബർണാബാസിനെയും നാട്ടിൽ നിന്ന് പുറത്താക്കി
തൽക്കാലം നിങ്ങളെ വെറുതെ വിടുന്നു. ഇനിമേൽ ഈ മണ്ണിൽ കാലുകുത്തരുത്
!!


അവർ കിഴക്കോട്ട് യാത്ര ചെയ്തു ഇക്കോണിയത്തിൽ എത്തി സുവിശേഷം പ്രസംഗിച്ചു. അനേകം യഹൂദരും വിജാതീയരും യേശുവിൻ വിശ്വസിച്ചു. വിശ്വസിക്കാതിരുന്ന യഹൂദർ ജനത്തെ ഇളക്കിവിട്ടതിനാൽ പൗലോസും ബർണാബാസും അടുത്ത പട്ടണമായ ലിസ്ത്രായിലേക്ക് പോയി. അവിടെ ഒരു മുടന്തനെ കണ്ടുമുട്ടി
യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോട് ഞാൻ പറയുന്നു, എണീറ്റ് നിൽക്കുക.


എന്തൊരു അത്ഭുതം!! ജന്മനാ മുടന്തനായിരുന്നു മനുഷ്യൻ നടക്കുന്നു
!
ഇത് ദേവന്മാരാണ്. സേവ്യൂസും, ഹെർമെസും നമ്മെ സന്ദർശിച്ചിരിക്കുന്നു
?!!


ഉടനെ പുരോഹിതനെ വിവരമറിയിക്കണം.
ഇവർക്ക് ഉചിതമായ ബലിയർപ്പിക്കണം.



ബലിയർപ്പിക്കാൻ കാളകളുമായി
പുരോഹിതന്മാർ നഗര കവാടത്തിലേക്ക് വന്നു
നിങ്ങൾ എന്താണീ ചെയ്യുന്നത്?
ഞങ്ങളെ സന്ദർശിച്ച ദേവന്മാരായ നിങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുകയാണ്
!?


ഞങ്ങൾ വെറും മനുഷ്യരാണ്. ഈ അന്ധ വിശ്വാസങ്ങളിൽ നിന്നകന്ന് സത്യ ദൈവത്തിലേക്ക് തിരിയുവിൻ
ദൈവം ഒരുവനെ ഉള്ളൂ. അവനാണ് ഈ പ്രപഞ്ചത്തിൻറെ മുഴുവൻ സൃഷ്ടാവ്



രക്ഷയുടെ മാർഗ്ഗം കാണിച്ചു തരുവാനായി ദൈവം തൻറെ ഏകജാതനെ ഈ ഭൂമിയിലേക്ക് അയച്ചു
എന്നാൽ അയാളെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞു തരൂ!

അവർ കുറച്ചുനാൾ ലിസ്ത്രായിൽ താമസിച്ച് സുവിശേഷം പ്രസംഗിച്ചു. അനേകം പേർ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളായി. ഇതറിഞ്ഞ് അന്ത്യോക്യയിൽ നിന്നും ഇക്കോണിയത്തിൽ നിന്നും യഹൂദർ അവിടെ എത്തി




ഈ നുണപ്രചരണങ്ങളിൽ വിശ്വസിച്ച ജനം പൗലോസിനെ കൊല്ലാൻ ശ്രമിച്ചു
മതി അവൻറെ കഥ കഴിഞ്ഞു
വലിച്ച് പട്ടണത്തിന് വെളിയിൽ കൊണ്ടുപോയിടാം



എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ
ശിഷ്യന്മാർ അടുത്ത് വന്നു



എല്ലാം അവസാനിച്ചു
എന്ന് ഞാൻ ഭയന്നുപോയി
ഇത് തുടക്കം
മാത്രമാണ്


എനിക്ക് വേണ്ടി ക്രൂശിക്കപ്പെട്ട നാഥന്റെ സഹനത്തിൽ പങ്കുചേരാൻ കഴിയുന്നത് വലിയ ഭാഗ്യമാണ്. വരൂ! നമുക്ക് ദെർബെയിലേക്ക് പോകാം

ദെർബെയിൽ നിന്ന് മടങ്ങിയപ്പോൾ തങ്ങൾ സുവിശേഷം പ്രസംഗിച്ച നഗരങ്ങളെല്ലാം അവർ സന്ദർശിച്ചു.
അവിടെയെല്ലാം സഭകൾക്ക് ശ്രേഷ്ഠന്മാരെ നിയമിച്ചു.




പൗലോസിന്റെ ഒന്നാമത്തെ
പ്രേഷിതയാത്ര
മക്കെദോനിയാ
അന്ത്യോക്യാ
ഇക്കോണിയം
ദെർബേ
ലിസ്ത്രാ
അന്ത്യോക്യാ
സെലൂസിയാ
സൈപ്രസ്
സലാമീസ്
പെർഗാ
പാഫോസ്
ക്രേത്ത
മദ്ധ്യധരണ്യാഴി


പൗലോസും ബർണബാസും തങ്ങൾ പുറപ്പെട്ട അന്ത്യോക്യയിൽ തിരിച്ചെത്തി. തങ്ങൾ വഴി ദൈവം ചെയ്ത വലിയ കാര്യങ്ങൾ വിവരിച്ചു.
ഞങ്ങൾ ചെന്നിടത്തെല്ലാം ആദ്യമേ യഹൂദ സഹോദരങ്ങളോടാണ് സുവിശേഷം പ്രസംഗിച്ചത്. എന്നാൽ അവരിൽ അധികപങ്കും എതിർത്തു നിന്നു
വിജാതീയർ സന്തോഷത്തോടെ വചനം സ്വീകരിക്കുന്നു. പരിശുദ്ധാത്മാവ് അവരിൽ സമൃദ്ധമായി പ്രവർത്തിക്കുന്നു


ജറുസലേമിൽ നിന്നു വന്ന ശിഷ്യന്മാർ അവരെ ചോദ്യം ചെയ്തു
വിജാതീയർക്കു മാമോദിസ നൽകുന്നതിന് മുൻപ് പരിച്ഛേദനം നടത്തിയോ?
മോശയുടെ നിയമങ്ങൾ അവരെ പഠിപ്പിച്ചോ?

ആദ്യം യഹൂദൻ ആകണമോ?

വിശുദ്ധ പൗലോസ്

Part 2

വായിക്കുക